NSS HSS CHINGAVANAM



# ESPERANZA

Digital
Magazine
2023-24

വിദ്യാഭ്യാസജില്ല
കോട്ടയം

പ്രിൻസിപ്പാൾ
ലേഖ വി

ഹെഡ്മിസ്ട്രസ്
എ ലക്ഷ്മി

പി റ്റി എ പ്രസിഡൻ്റ്
ഹരിരാഗ് നന്ദൻ

എം പി ടി എ
പ്രസിഡൻ്റ്
ധന്യാമോൾ വി ജി

സബ്ജില്ല
കോട്ടയം ഈസ്റ്റ്

# സന്ദേശം

നവയുഗത്തിന്റെ  കണ്ണുകൾ ഡിജിറ്റൽ ലോകത്തിന് പണയപ്പെടുത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയും പുതിയ മാനങ്ങൾ കൈവരിക്കേണ്ടിയിരിക്കുന്നു. വിവരസാങ്കേതിക വിദ്യ, നമ്മുടെ വിദ്യാലയങ്ങളിൽ നവോത്ഥാനം സൃഷ്ടിച്ചിരിക്കുന്നു. അതിനൊപ്പം പാദമുദ്ര പതിപ്പിക്കുവാൻ സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദിക്കപ്പെടേണ്ടതു തന്നെയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്  അതിവേഗം, ബഹുദൂരം സഞ്ചരിക്കുമ്പോൾ നമ്മുടെ സ്കൂൾ മാഗസിനിലും തദനുസരണം  രൂപ മാറ്റം  വരുത്തേണ്ടതില്ലേ? ഗ്രാഫിക് ഡിസൈനിങ്ങും, കമ്മ്യൂണിക്കേഷനും എല്ലാം  സമഞ്ജസമായി സമ്മേളിക്കുന്ന മികച്ച കലാസൃഷ്ടിയായി നമ്മുടെ സ്കൂൾ  മാഗസിൻ പരിവർത്തനം ചെയ്യപ്പെടുമ്പോൾ കുട്ടികളുടെ ഭാവനയ്ക്കും, സർഗാത്മകതയ്ക്കും ചിറകുവിടർത്താൻ നൂതന സാങ്കേതിക വിദ്യയുടെ കൈത്താങ്ങും.......

" കുട്ടിപ്പട്ടം" വാനോളം പറക്കട്ടെ......

നമ്മുടെ നാടിനു കരുത്തുപകരാൻ....

സ്കൂളിന്റെ യശസ്സ് ഉയർത്താൻ....

സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ....


ജഗദീശ്വരന്റെ അനുഗ്രഹം  ഉണ്ടാവട്ടെ....

......ആത്മസമർപ്പണത്തോടെ പ്രവർത്തിച്ച ഏവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.....

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

എ . ലക്ഷ്മി



പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

"വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാവണം" എന്ന ഗാന്ധിജിയുടെ സ്വപ്നത്തിലേക്കുള്ള ചുവട് വയ്പാണ് ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾ തല പ്രവർത്തനങ്ങളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്..സർഗാത്മക രചനകൾ കമ്പ്യൂട്ടറിൽ വർണ്ണ വസന്തങ്ങൾവിരിയിക്കുമ്പോൾ,കുട്ടികളുടെ ചിന്താശേഷിയും, പ്രായോഗിക ബുദ്ധിയും നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ പ്രോജ്വലിക്കുന്നു. "ഡിജിറ്റൽ മാഗസിൻ"എന്ന ആശയം ഡിജിറ്റൽ ലോകത്തേക്കുള്ള വാതായനങ്ങൾ തുറന്നിടലാണ്."**ESPERANZA**" എന്ന സ്പാനിഷ് പദത്തിന് **HOPE**( പ്രതീക്ഷ)എന്ന അർത്ഥമാണുള്ളത്. "പ്രതീക്ഷ"യുടെഓരോ താളുകൾ മറിക്കുമ്പോഴും ഒരു കുട്ടിക്കവിയോ,കഥാകൃത്തോ,ചിത്രകാരനോ,സയന്റിസ്റ്റോ, നമ്മുടെ ഹൃദയത്തോട് സംവദിക്കും. അവരുടെ പ്രതീക്ഷകൾക്കാണ്, സ്വപ്നങ്ങൾക്കാണ്ഇതിലൂടെ ചിറകു വയ്ക്കുന്നത്.

നാളെയുടെ വാഗ്ദാനങ്ങളായി നമ്മുടെ സ്കൂളിലും പ്രതിഭകൾ പിറക്കട്ടെ.........

സ്കൂൾ ലിറ്റിൽ കൈറ്റ്സിനു നേതൃത്വം വഹിക്കുന്ന അധ്യാപകർ ,അവർക്കുവേണ്ടി കെടാവിളക്ക് തെളിയിക്കട്ടെ....

" മക്കളേ, നാളെ പ്രപഞ്ചം വിടർത്തുന്ന
സർഗ്ഗ ചൈതന്യമായ് തീരട്ടെ ഭാരതം".

സ്നേഹാശംസകളോടെ,
സ്റ്റാഫ് എഡിറ്റേഴ്സ്

ESPERANZA

# എഡിറ്റേഴ്സ് ഗ്രൂപ്പ്

## സ്റ്റാഫ് എഡിറ്റേഴ്സ്

എ ലക്ഷ്മി – പ്രഥമാധ്യാപിക

സുമ എ കെ – കൈറ്റ് മിസ്ട്രസ്

രതീഷ് ബാബു – കൈറ്റ്മാസ്റ്റർ

ശ്രീജ വി – എസ് ഐ റ്റി സി

രശ്മി ജി –മലയാളം അധ്യാപിക

അമ്പിളി കെ നായർ –ഇംഗ്ലീഷ് അധ്യാപിക

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

കൃഷ്ണപ്രിയ രാജ്

ഹൃഷികേശ് ജി നായർ

ആദർശ് പി അനിയൻ

അലൻ വിൻസന്റ്

റയാൻ മാത്യു

അഞ്ജിത സി എ

ആർദ്ര പി ബി

ചന്ദ്രകാന്ത് റ്റി.എസ്

ശ്രീരംഗ് എ

അശ്വജിത് എസ്

ESPERANZA

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1 | എൻെറ വിദ്യാലയം | 1 |
| 2 | റോബോ ഫെസ്റ്റ് | 2 |
| 3 | സ്വപ്നം | 3 |
| 4 | Artificial intelligence | 4 |
| 5 | ഓർക്കുവാൻ ഒരുപാട് പേർ | 5 |
| 6 | സ്വർണ മൂക്ക് | 6 |
| 7 | ഗണിത വിസ്മയം | 8 |
| 8 | ചാറ്റ് ജി പി ടി | 9 |
| 9 | മയൂര ശിഖ –പുസ്തക അവലോകനം | 10 |
| 10 | മൈസൂരിലേക്ക് | 11 |
| 11 | മഹദ് വചനങ്ങൾ | 15 |
| 12 | MY ROBOT | 16 |
| 13 | Sarojini Naidu | 17 |
| 14 | ഡിജിറ്റൽ സാക്ഷരത | 18 |
| 15 | Social And Cultural Uprisings | 19 |
| 16 | Historic date | 20 |
| 17 | Lifestyle diseases | 21 |
| 18 | വിദ്യാർത്ഥികൾക്ക് വിജയമന്ത്രം ചാണക്യൻെറ ഈ വാക്കുകൾ | 22 |
| 19 | The rise of gravity | 23 |
| 20 | Magical Maths | 24 |
| 21 | മലയാളം ടൈപ്പിങ്ങ് | 25 |
| 22 | ജീവതാളം | 26 |
| 23 | ഉത്സവം | 27 |
| 24 | ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ്–– നവ്യാനുഭവം | 28 |
| 25 | പോടാ പോടാ വൈറസേ | 29 |
| 26 | അമ്മ | 30 |
| 27 | എനിക്ക് ഇവനെ മതി | 31 |
| 28 | ഞാൻ ഒരു ലിറ്റിൽ കൈറ്റ് ആയപ്പോൾ | 32 |
| 29 | Ramanujan number 1729 | 33 |
| 30 | എന്റെഗ്രാമം ·· പനച്ചിക്കാട് | 34 |
| 31 | Amazing alphabets | 35 |

# എന്റെ വിദ്യാലയം

അമ്മതൻ കൈപിടി –
ച്ചാർത്തുകരഞ്ഞുകൊ –
ണ്ടെത്തിയതാണ്ട ഞാന –
ന്നിവിടെ.

അദ്ധ്യാപകരോ തണല്ല തന്നു,
അക്ഷരമെന്തെന്നു ഞാനറിഞ്ഞു.
അറിവിന്റെ ലോകം തുറന്നു വന്നു,
പുസ്തകങ്ങൾ പ്രിയരായി മാറി.

മേഘങ്ങളാമെൻ അധ്യാപകർ,
പ്രോത്സാഹനങ്ങൾ ചൊരിഞ്ഞുതന്നു.
അധ്യാപകരുടെ സ്നേഹവാത്സല്യങ്ങൾ, പാഠ്യകാലത്തിന്റെ മാറ്റുകൂട്ടി.

ഓർമയിൽ മിന്നുന്ന മുത്തുകളായിട്ടും,
കൂട്ടുകാർക്കൊപ്പമുള്ളീ നിമിഷം.
സാന്ദ്രമാം സൗഹൃദം ആനന്ദമായ്,
എന്നുമെൻ വീഥിയിൽ പൂമഴയായ്.

പൂന്തോട്ടമാണെന്റെ വിദ്യാലയം, മണമുള്ള പൂക്കളാണദ്ധ്യാപകർ,
പാറുന്ന ശലഭങ്ങൾ കൂട്ടുകാരും, എനിക്കേറെ പ്രിയപ്പെട്ട വിദ്യാലയം
എനിക്കേറെ പ്രിയപ്പെട്ട വിദ്യാലയം.!

കൃഷ്ണപ്രിയ രാജ്

8A



# റോബോ ഫെസ്റ്റ്--

## –അവലോകനം

സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ ഭാഗമായി ചിങ്ങവനം എൻഎസ്എസ്ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽകൈറ്റ്സിൻ്റെ ആഭിമുഖ്യത്തിൽ പ്രത്യേക അസംബ്ലി നടത്തി. ക്ലാസ് മുറികൾ അറിവിന്റെ വിതരണ കേന്ദ്രം മാത്രമാകാതെ അറിവ് സൃഷ്ടിക്കുന്ന ഇടങ്ങൾകൂടി ആകണമെന്നആശയം പ്രധാന അധ്യാപിക ലക്ഷ്മി ടീച്ചർ കുട്ടികൾക്ക് നൽകി ഇന്നത്തെ ദിനത്തിന്റെ പ്രാധാന്യമുൾക്കൊണ്ടു കൊണ്ട് റോബോ ന്യൂസ് റീഡിങ് ,റോബോ ഡാൻസ്,റോബോ സ്കിറ്റ് എന്നിവയും അസംബ്ലി യിൽകുട്ടികൾ അവതരിപ്പിച്ചു. അസംബ്ലി നയിച്ചത് ഒരു റോബോട്ട് ആയിരുന്നു എന്നത് കുട്ടികളിൽ ഏറെ കൗതുകം ഉണർത്തി11 മണിമുതൽ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെനേതൃത്വത്തിൽ റോബോ ഫെസ്റ്റ് നടന്നു.നിത്യജീവിതത്തിൽ നാം കാണുന്ന ട്രാഫിക് സിഗ്നൽ ലൈറ്റിൻ്റെആശയം കുട്ടികളിൽ കൗതുകമുളവാക്കുന്നതായിരുന്നു.ഡാൻസിങ് എൽഇഡിമാജിക് ഡൈസ്റോബോ ഹെൻറോബോ ഷെയ്ക്ക് ഹാൻഡ് എന്നിവയുംവളരെ ഭംഗിയായി കുട്ടികൾ അവതരിപ്പിച്ചുറോബോട്ടിക് ന്യൂസുകൾ കോർത്തിണക്കിയറോബോ കൊളാഷ് ഏറെ ശ്രദ്ധേയമായി.ഇതോടൊപ്പം നിർമ്മിതി ബുദ്ധിയുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രൊജക്ടറിൽ പ്രദർശിപ്പിച്ചു ഈ മേഖലയിൽ കൂടുതൽ അറിവ് നേടാനും പ്രചോദനമാകുവാനും ഇതുമൂലം സാധിച്ചു.സ്കൂളിലെ എല്ലാ കുട്ടികൾക്കും ഇതിൽ പങ്കെടുക്കുവാനും അവസരം ലഭിച്ചു

സുമ ഏ.കെ


കൈറ്റ് മിസ്ട്രസ്



# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡകെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കയ്യിലുടക്കി;
എന്നോ നെയ്ത്ത് കൂട്ടിയ സ്വപനം
– ഇന്നുമൊരു പൊൻത്തൂവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെകാണാതെ;
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രഭയിൽ നില നിൽക്കാൻ.

അശ്വിൻ അഭിലാഷ്
9 C



# ARTIFICIAL INTELLIGENCE (AI)


Artificial intelligence is the intelligence of machines or software as opposed to the intelligence of humans or other animals. It is a field of study in computer science that develops and studies intelligent machines. Such machines may be called Als.

Alan Turing was the first Person to conduct substantial research in the field that he called Machine Intelligence

AI technology is widely used throughout industry, government, and science. Some high Profile applications are advanced web search engines eg, Google search, recommendation systems used by youtube, Amazon and Netflix interacting via human speech such as Google Assistant, siri, and Alexa, self driving cars eg waymo, generative and creative tools chatGPT and AI art
and superhuman play and analysis in strategy games such as chess and Go.

Ardra P B

9A



# ഓർക്കുവാൻ ഒരുപാട് പേർ

അമ്പലക്കുളത്തിലെ വെള്ളത്തിലേക്ക നോക്കിയിരിക്കുന്നതിന്റെ സുഖമൊന്നു വേറെയാ...
കണ്ണാടിപോലുള്ള ജലാശയത്തിൽ... പ്രതിബിംബിക്കുന്ന എന്റെ രൂപമാണ് എന്റെ ഏറ്റവും ഉത്തമ സ്നേഹിതൻ....
കുളക്കരയിലെ ആൽമരത്തിൽ നിന്നും അടർന്നു വീഴുന്ന കായകൾ ഉണ്ടാക്കുന്ന തരംഗങ്ങൾ...എന്റെ പ്രതിരൂപത്തെ... വലുതാക്കി നാലു ഭാഗത്തേക്ക് കൊണ്ടു പോകുന്നതു കാണാൻ.. എത്ര രസമാണെന്നോ.

ഈ ഭൂമിയിൽ..
സ്വന്തം നിഴലിനെ കൂട്ടുകാരനാക്കിയ ഏക മനുഷ്യൻ ഞാനായിരിക്കും.
ഏതോ ഭിക്ഷക്കാരിക്കുണ്ടായവൻ.
ബന്ധവും സ്വന്തവുമില്ലാത്തവൻ..
കടത്തിണ്ണകളിലുറങ്ങുന്നവൻ....
സ്നേഹിക്കാനും... സ്നേഹിക്കപെടാനും ആരുമില്ലാത്തവൻ...
വയസ്സിന്റെ പകുതിയിലെത്തിയിട്ടും ജീവിക്കാൻ പഠിക്കാതെ പോയവൻ.

ക്ഷേത്രനടയിലെ തിരക്കൊഴിഞ്ഞിട്ടു വേണം കുറെ നേരം പ്രാത്ഥിക്കാൻ.
ആളൊഴിഞ്ഞ നേരത്ത് അയാൾ കൂപ്പുകൈകളുമായി പ്രാർത്ഥന തുടങ്ങി.
കണ്ണുകളിൽ നിന്നും നീർച്ചാലുകൾ പോലെ കണ്ണുനീർ ഒഴുകി.
ഹൃദയം ദൈവസന്നിധിയിൽ പകർന്നു....
എത്ര സമയം എന്നറിയില്ല.

മതിയെടോ... മറ്റുള്ളവർക്കും പ്രാർത്ഥിക്കണം...
ആരുടെയോ ശകാരംകേട്ടാണ് കണ്ണുകൾ തുറന്നത്.

പൂജാരി ആണ്....
ഇതിനുമാത്രം പ്രാത്ഥിക്കാൻ.. നിനക്ക് എന്താ ഉള്ളത്?
ഭാര്യയില്ല. മക്കൾ ഇല്ല. മാതാപിതാക്കൾ ഇല്ല... രക്തബന്ധങ്ങൾ ഇല്ല... പിന്നെ ആർക്ക് വേണ്ടിയാ നീണ്ട സമയം പ്രാർത്ഥന.?
ഞാൻ ചിരിച്ചു...
എനിക്കാരുമില്ലെങ്കിലും... എനിക്കോർക്കുവാൻ ഒരുപാട് പേരുണ്ട്.. തിരുമേനി... ഞാൻ തിരുമേനിയെ ഓർത്തു പ്രാർത്ഥിച്ചു.
എന്നെ പോലെയുള്ള അനാഥരെ ഓർത്തു...
നമ്മുടെ ദേശത്തെ ഓർത്തു...
ദേശത്തിനു കാവൽ നിൽക്കുന്ന പട്ടാളക്കാരെ ഓർത്തു..
രോഗികളായി കഴിയുന്നവരെ ഓർത്തു...
ആഹാരം ഇല്ലാത്തവരെ ഓർത്തു
നാടു ഭരിക്കുന്നവരെ ഓർത്തു..
വാഹനം ഓടിക്കുന്നവരെ ഓർത്തു.
ആശുപത്രികളിലെ ഡോക്ടർമാരെയും നേഴ്സുമാരെയും ഓർത്തു...
അങ്ങനെ ഒരുപാട് പേരെ ഓർത്തു പ്രാർത്ഥിച്ചു...
ഒരാളെ ഓർത്തു പ്രാർത്ഥിക്കാൻ രക്തബന്ധമൊന്നും വേണ്ട തിരുമേനി....
എന്നെ ഓർക്കുവാൻ ആരുമില്ലെങ്കിൽ എന്താ...
എനിക്ക ഓർക്കുവാൻ... ഈ ഭൂമിയിൽ ഒരുപാട് പേരുണ്ട്....
ഞാൻ ഇനിയും അവർക്കെല്ലാമായി കരഞ്ഞു പ്രാർത്ഥിക്കും.....
ദൈവം.... എല്ലാവർക്കുമുള്ളതല്ലേ.

അഞ്ജിത സി എ
9A

# സ്വർണ മൂക്ക്

ദേവി നഗർ എന്ന ഒരു ഗ്രാമത്തിൽ ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. ഇന്ദുവെന്നും ദാമുവെന്നുമാണ് അവരുടെ പേര്. ഇവർ രണ്ട് പേർക്കും കുട്ടികൾ ഉണ്ടായിരുന്നില്ല .അത് അവരെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. എല്ലാ ശനിയാഴ്ചകളിലും ദമ്പതികൾ മലമുകളിലുള്ള ദേവാലയത്തിൽ പോയി കുട്ടികളുണ്ടാകുവാനായി പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ ഒരു ശനിയാഴ്ച എത്തി. പതിവുപോലെ ദാമുവും ഇന്ദുവും ദേവാലയത്തിൽ പോയി. ഇന്ദു നിറഞ്ഞ കണ്ണുകളാൽ ഭഗവാനോട് പ്രാർത്ഥിച്ചു "ദൈവമേ എത്രനാളായി ഒരു കുഞ്ഞിനുവേണ്ടി ഞങ്ങൾ കാത്തിരിക്കുന്നു. ഞങ്ങളുടെ ബന്ധുക്കൾക്കും കൂട്ടുകാർക്കും എല്ലാവർക്കും കുട്ടികളുണ്ട്. ഞങ്ങളുടെ പ്രാർത്ഥന മാത്രം എന്താണ് കേൾക്കാത്തത്? ? ഞങ്ങൾ എന്ത് തെറ്റ് ചെയ്തിട്ടാണ് ഞങ്ങളോട് ഈ ക്രൂരത.... മാതാപിതാക്കൾ ആകുവാൻ ഞങ്ങൾക്കും ഏറെ ആഗ്രഹമുണ്ട്. എല്ലാ വൈദ്യന്മാരും കയ്യൊഴിഞ്ഞു -- ഇനി ഒരേ ഒരു വിശ്വാസം ദൈവത്തിലാണ്. ഞങ്ങളെ അനുഗ്രഹിക്കേണമേ". പ്രാർത്ഥിച്ച ശേഷം ഇന്ദുവും ദാമുവും തിരികെ വീട്ടിലേക്ക് നടന്നു. കാടിന്റെ മധ്യത്തിലെത്തിയപ്പോൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു, അവർ ആ ശബ്ദത്തെ പിന്തുടർന്ന് നടന്നു. നടന്ന് നടന്ന് ഒരു അരുവിയുടെ വക്കിൽ എത്തി. കുഞ്ഞിന്റെ കരച്ചിൽ കുറച്ചുകൂടി വ്യക്തമായി ഇപ്പോൾ അവർക്ക് കേൾക്കാം. ദാമുവിന്റെ ശ്രദ്ധ വലതു വശത്തുള്ള ആൽമരത്തിന്റെ ചുവട്ടിലേക്ക് ഒരു നിമിഷം പോയി. ദാമു ഉറക്കെ പറഞ്ഞു "ഇന്ദു അതാ അവിടെ നിന്നാണ് കുഞ്ഞിന്റെ കരച്ചിൽ "ഇന്ദു മരച്ചുവട്ടിലേക്ക് ഓടി. എന്നാൽ അവർ കുഞ്ഞിന്റെ അടുത്തെത്തിയപ്പോൾ കണ്ടത് നിലവിളിച്ചു കരയുന്ന കുഞ്ഞിനെ ആയിരുന്നില്ല സുഖമായി കിടന്നുറങ്ങുന്ന കുഞ്ഞിനെ ആയിരുന്നു. ഇന്ദുവിന്റെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു. അവൾ പറഞ്ഞു "ദാമു നമുക്ക് ഈ കുഞ്ഞിനെ എടുത്താലോ " ദാമു മറുപടി പറഞ്ഞു ."ഇന്ദു ഇത് ആരുടെ കുഞ്ഞാണെന്ന് നമുക്ക് അറിയില്ല – ഇതിനെ അന്വേഷിച്ച് ആരെങ്കിലും വന്നാലോ?" എന്നാൽ ഇന്ദുവിന്റെ മറുപടി ഇങ്ങനെയായിരുന്നു, "ഇല്ല ദാമു , ഈ കുഞ്ഞിനെ ദൈവം നമുക്കായി തന്നതാണ്. ഈ ശാന്തനായ കുഞ്ഞിന്റെ അടുത്ത് നമ്മളെ എത്തിക്കുവാനായാണ് ദൈവം കുഞ്ഞിന്റെ കരച്ചിലെന്നതുപോലെയുള്ള ശബ്ദം നമ്മുടെ കാതിൽ കേൾപ്പിച്ചത്. ഇത് എല്ലാം ഒരു സൂചനയാണ് –ഈ കുഞ്ഞ് നമ്മളാൽ വളർത്തപ്പെടേണ്ടതാണ് –ഇത് ഇന്ന് മുതൽ നമ്മുടെ കുഞ്ഞാണ് ". ഇന്ദുവിന്റെ സന്തോഷം കണ്ടപ്പോൾ ദാമുവിന് എതിർത്തൊന്നും പറയുവാൻ തോന്നിയില്ല. അവർ ആ കുഞ്ഞിനേയും കൊണ്ട് വീട്ടിലേക്ക് പോയി. അവർ ആ കുഞ്ഞിന് മേഘ എന്ന് പേര് നൽകി.

വർഷങ്ങൾ കടന്നുപോയി മേഘക്ക് 5 വയസ്സായി. അവൾക്ക് വയസ്സ് കൂടുന്നതനുസരിച്ച് അവളുടെ മൂക്കിന്റെ നിറം സ്വർണ നിറമായി മാറിക്കൊണ്ടിരുന്നു. അങ്ങനെ ദാമുവിനും ഇന്ദുവിനും മനസ്സിലായി ,തന്റെ മകളായ മേഘയുടേത് സ്വർണ മൂക്ക് ആണെന്ന്. അവൾ ആ മൂക്കുകൊണ്ട് ആരെയൊക്കെ തൊടുന്നുവോ അവരൊക്കെ സ്വർണമായി തീരും. എന്നാൽ ഇത് മാതാപിതാക്കളായ ദാമുവിനും ഇന്ദുവിനും ബാധകമായിരുന്നില്ല.ഇത് അറിഞ്ഞ നാട്ടുകാരിൽ ചിലർ സത്യമറിയുന്നതിനായി മേഘയുടെ മൂക്കിൽ ചെന്ന് തൊട്ടു. ആ നിമിഷം തന്നെ അവർ സ്വർണ ശിലകളായി മാറി. ഇത് കണ്ട നാട്ടുകാർ ഭയത്തോടെ നാലുപാടും ഓടി. കുറച്ച് ദിവസങ്ങൾക്കു ശേഷം ദേവി നഗറിലെ പ്രമാണി ദാമുവിന്റെ വീട്ടിൽ വന്നു .എന്നിട്ട് പറഞ്ഞു "ദാമു... നീയും ഭാര്യയും പിന്നെ ഈ അസുരവിത്തും നാടിനും നാട്ടിലെ ജനങ്ങൾക്കും ആപത്താണെന്ന് മനസിലാക്കുന്നു, ഈ നിമിഷം തന്നെ നീ ഈ നാട് ഉപേക്ഷിച്ച് പോകേണ്ടതാണ് ". പ്രമാണിയുടെ സേവകർ ദാമുവിൻ്റെ വീട്ടുപകരണങ്ങളും വസ്ത്രങ്ങളും പുറത്തേക്ക് വലിച്ചെറിഞ്ഞു. ദാമുവും ഇന്ദുവും മേഘയെയും കൊണ്ട് ഓടി രക്ഷപെട്ടു. അവർ പുതിയ ഒരു ഗ്രാമത്തിലെത്തി. പഴയതെല്ലാം മറന്ന് പുതിയൊരു ജീവിതം ആരംഭിച്ചു. മേഘയുടെ സുരക്ഷയ്ക്കായി അവർ ത്വക്കിന്റെ നിറമുള്ള ഒരു വ്യാജ മൂക്ക് അവളെ അണിയിച്ചു. ഒരു ദിവസം ഇന്ദുവും ദാമുവും ജോലിക്ക് പോയപ്പോൾ മേഘ ഒറ്റക്ക് വീട്ടിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഭിക്ഷയാചിച്ച് ഒരു വൃദ്ധ അവരുടെ വീടിനു മുന്നിൽ എത്തി. കൊടുക്കാൻ ഒന്നുമില്ലാത്ത വിഷമത്തിൽ മേഘ അവരെ പറഞ്ഞയക്കാനൊരുങ്ങി. അപ്പോളാണ് അവൾക്ക് ഒരു കാര്യം ഓർമ വന്നത്. അവൾ ഉറക്കെ വിളിച്ചു "അമ്മൂമ്മേ നിൽക്കൂ.... പോവല്ലേ.. ". അവൾ വൃദ്ധയുടെ അടുത്തേക്ക് ഓടി. "എന്താ മോളെ"... വൃദ്ധ ചോദിച്ചു. "അമ്മൂമ്മയുടെ കയ്യിൽ ഒരു നാണയം കാണുമോ"? അവൾ ചോദിച്ചു.തുരുമ്പ് പിടിച്ച തളികയിൽ ഉണ്ടായിരുന്ന മൂന്ന് തുട്ടിൽ നിന്ന് ഒരെണ്ണം വൃദ്ധ മേഘക്ക് നേരെ നീട്ടി. മേഘ തന്റെ വ്യാജ മൂക്ക് മാറ്റി നാണയം മൂക്കിൽ മുട്ടിച്ചു .ആ നാണയം ഒരു സ്വർണ നാണയമായി മാറി. വൃദ്ധ ഇത് കണ്ട് അത്ഭുതപ്പെട്ടു. അവർ മേഘയോട് ഏറെ നന്ദി പറഞ്ഞു, അവിടുന്ന് യാത്രയായി. മേഘയും തിരിച്ച് വീട്ടിലേക്ക് നടന്നു. ഇതെല്ലാം ഒരു മതിലിനു പുറകിൽ ഇരുന്ന് രണ്ട് കള്ളന്മാർ കാണുന്നുണ്ടായിരുന്നു അവർ മേഘയെ തട്ടിക്കൊണ്ടു പോയി. ഒരു ഇരുട്ട് ഗുഹയിൽ കെട്ടിയിട്ടു. "എന്നെ വിടണേ ഞാൻ എന്ത്


ചെയ്തിട്ടാണ്.... എന്നെ ഒന്ന് വിടണേ". മേഘ കരഞ്ഞു പറഞ്ഞു. കള്ളന്മാർ ചിരിച്ചു കൊണ്ട് പറഞ്ഞു "നിന്നെ ഞങ്ങൾ ഉപദ്രവിക്കില്ല – ഒരു 10 വയസ്സുള്ള കുട്ടിയെ ഉപദ്രവിക്കാൻ മാത്രം ക്രൂരന്മാർ അല്ല ഞങ്ങൾ. ഞങ്ങൾക്ക് വേണ്ടത് സ്വർണമാണ്. അതുകൊണ്ട് തന്നെ ഇവിടെയുള്ള എല്ലാ പാത്ര ങ്ങളും നീ സ്വർണമാക്കണം". അവർ അവൾക്കുമുന്നിൽ 100 പാത്രങ്ങൾ നിരത്തി. കള്ളന്മാരുടെ ആവശ്യം പോലെ തന്നെ മേഘ എല്ലാ പാത്രങ്ങളും സ്വർണമാക്കി തീർത്തു. അവർ മേഘയെ മോചിപ്പിച്ചു. മേഘ ഓടിച്ചെന്നു അവരെ രണ്ടു പേരെയും മൂക്കുകൊണ്ട് സ്പർശിച്ചു. രണ്ടുപേരും സ്വർണ ശിലകളായി മാറി. അവൾ അവളുടെ മാതാപിതാക്കളെ അങ്ങോട്ട് വിളിച്ചു വരുത്തി .എന്നിട്ട് എല്ലാ സ്വർണപ്പാത്രങ്ങളും ഗ്രാമവാസികൾക്കായി വീതിച്ചു നൽകി. തങ്ങൾക്ക് സ്വർണം തന്നു സഹായിച്ച മേഘയെയും കുടുംബത്തെയും ആ ഗ്രാമത്തിലുള്ളവർ ദൈവത്തെപോലെ ബഹുമാനിച്ചു. ഒരു ഗ്രാമത്തിൽ അസുരവിത്ത് എന്ന് മുദ്രകുത്തപ്പെട്ട മേഘ മറ്റൊരു ഗ്രാമത്തിന്റെ ദൈവമായി മാറി.

അരുൺ ശ്രീധർ

8A



# ഗണിത വിസ്മയം



കൃഷ്ണജിത് ബി
9 A

# ചാറ്റ് ജി പി ടി

എന്താണ് ചാറ്റ് ജി പി ടി ഏറ്റവും ലളിതമായി പറഞ്ഞാൽ ഗൂഗിൾ പോലെ ഒരു സെർച്ച് എഞ്ചിനാണ് .അതായത് നമുക്ക് ആവശ്യമുള്ള ഏതെങ്കിലും കാര്യങ്ങൾ അറിയണമെങ്കിൽ ചോദിക്കുമ്പോൾ അതിനെ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പലയിടത്തും സെർച്ച് ചെയ്തു സ്വയം ഒരു ഉത്തരം നമുക്ക് പറഞ്ഞുതരുന്നു നമ്മൾ ലോഗിൻ ചെയ്തു കയറിയാൽ എന്ത് ചോദ്യവും ഇതിനോട് ചോദിക്കാം ഇന്റർനെറ്റിൽ നിന്നും ഉള്ള വിവരങ്ങൾ അല്ല ഇത് നൽകുന്നത് ഭാഷാപരമായ കഴിവുകൾ ഉപയോഗിച്ച് വിവരങ്ങൾ പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്

ലോകത്തെ മുൻനിര കമ്പനികളെല്ലാം തന്നെ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നുണ്ട് മനുഷ്യനെപ്പോലെ എഴുതാനും വായിക്കാനും ചാറ്റ് ചെയ്യാനുമെല്ലാം സാധിക്കുന്ന നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്യയാണ് ചാറ്റ്ജി പി ടി. ജനറേറ്റീവ് പ്രീ ട്രെയ്ൻഡ് ട്രാൻസ്ഫോർമർ എന്നാണ് ജി പി ടി അർത്ഥമാക്കുന്നത്

ശ്രീരംഗ് എ

9 A



# മയൂരശിഖ –

## പുസ്തക അവലോകനം

മനുഷ്യരാശിയുടെ ഗണിതശാസ്ത്ര പൈതൃകത്തിന്റെ അന്വേഷണം എന്ന നിലയിൽ ജോർജ് ഗീവർഗ്ഗീസ് ജോസഫ് എഴുതിയ,1992, ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് മയൂരശിഖ. ഗണിത ശാസ്ത്ര ജ്ഞാനം വികസിച്ച വന്നത് യൂറോപ്പിനെ കേന്ദ്രീകരിച്ചാണെന്ന്, "വിഭാഗീയ" ധാരണ തിരുത്തിയെഴുതാനുള്ള ശ്രമമാണ് ഈ ഗ്രന്ഥം. "ഗണിതശാസ്ത്രത്തിന്റെ യൂറോപ്യനല്ലാത്ത വേരുകൾ" ( The crest of the Peacock : The Non- European roots of Mathematics)എന്നാണ് ഗ്രന്ഥത്തിന്റെ മുഴുവൻ പേര്. " മയൂരശിഖ " എന്ന ഗ്രന്ഥനാമം ക്രിസ്തുബ്ദാരംഭത്തിനു മുൻപ് അഞ്ചാം നൂറ്റാണ്ടിൽ ഭാരതത്തിൽ എഴുതപ്പെട്ട വേദാംഗ ജ്യോതിഷം എന്ന സംസ്കൃത രചനയിലെ ഈ ശ്ലോകത്തെ ആശ്രയിച്ചുള്ളതാണ്:-

" യഥാശിഖ മയൂരാണാം
നാഗാനാം മണയോരഥാ
തദ്വേദാംഗ ശാസ്ത്രാണാം
ഗണിതം മൂർദ്ധ്നി സ്ഥിതം"

മയിലിന് ശിഖയും നാഗത്തിന് ശിരോമണിയും എന്നപോലെ വേദാംഗ – ശാസ്ത്രങ്ങൾക്ക് ഗണിതവും മൂർദ്ധാവായി നിലകൊള്ളുന്നു എന്നാണ് ഈ ശ്ലോകത്തി ന്റെ അർത്ഥം .

ശ്രേയ ബിനോയ്
9 C



# മൈസൂരിലേക്ക്

ഈ അദ്ധ്യായനവർഷം ആരംഭിച്ചപ്പോൾ മുതൽ അടുത്ത വർഷത്തെ പത്താം ക്ലാസിലെ ടൂറിനെപ്പറ്റിയായിരുന്നു ഞങ്ങൾ കൂട്ടുകാർക്കിടയിലെ പ്രധാന ചർച്ചാവിഷയം.എന്നാൽ ഒരു ദിവസം രാവിലെ ഞങ്ങളുടെ ക്ലാസ് ടീച്ചറായ സുമ ടീച്ചറുടെ ഒരു ചോദ്യം
"പിള്ളേരേ അടുത്ത വർഷത്തെ ടൂർ ഈ വർഷമാക്കിയാലോ?"
മനസ്സിൽ ഒരു പത്തിരുപത്തിയഞ്ച് ലഡു ഒരുമിച്ച് പൊട്ടിയ അവസ്ഥ.
തൊട്ടടുത്ത പീരിയഡിൽ കാവേരി നമ്പീശൻ എഴുതിയ " ലിസൺ ടു ദ് മൗണ്ടൺ "എന്ന പാഠഭാഗം പഠിപ്പിച്ചപ്പോൾ കാവേരി നദിയായിരുന്നു എന്റെ മനസ്സിൽ.എന്നാൽ കാവേരി നദിക്ക്കുറുകെ ഡാം പണിത അവസ്ഥയായിരുന്നു വീട്ടിലെത്തിയപ്പോൾ.
പിന്നെയൊരു യുദ്ധമായിരുന്നു,ടിപ്പുവും ബ്രിട്ടീഷുകാരും പോലെ.
ഏതായാലും പോകുവാനുള്ള അനുമതി ലഭിച്ചു.

2024 January 7 ന വൈകുന്നേരം അഞ്ച് മണിയോടെ ടൂറിനായി ഞങ്ങൾ സ്കൂളിൽ എത്തി.ലോട്ടിട്ടായിരുന്നു ബസ് തിരഞ്ഞെടുത്തത് ആഗ്രഹിച്ചതുപോലെ നിത്യാ ബസ് കിട്ടി.5:30 ന് സ്കൂളിൽനിന്നും ഞങ്ങൾ മൈസൂരിലേക്ക് യാത്രതിരിച്ചു.
രാത്രി കാഴ്ച്ചകളാസ്വദിക്കുവാനായി സൈഡ്സീറ്റിൽ ഞാൻ ഇരുന്നു.അശ്വജിത്തായിരുന്നു എന്റെ അരികിൽ ഇരുന്നത്.എന്നാൽ ചുണ്ടനെലി തുരന്നുകയറുന്നതുപോലെ അവൻ എന്റെ സൈഡ്സീറ്റ് കൈക്കലാക്കി.
ജനുവരി എട്ടിന് രാവിലെ ഏഴ് മണിയോടെ മൈസൂരിലെത്തിയ ഞങ്ങൾക്ക് റൂം അലോട്ട് ചെയ്തു.
രംഗനും ജിത്തുക്കുട്ടനും പിന്നെ ആദർശമില്ലാത്ത ആദർശും ആയിരുന്നു എന്റെ സഹമുറിയൻമാർ.
തണുപ്പത്ത് ആദ്യം കുളിക്കാൻ വാശിപിടിച്ചത് ഇതുവരെ കുളിക്കാത്ത ശ്രീരംഗായിരുന്നു.കുളിച്ചതിന് ശേഷം മാത്രം പല്ലുതേക്കുന്നവനായിരുന്നു ആദർശ്.

ഫ്രഷായ ശേഷം ആദ്യം മൈസൂർ സൂവിലേക്കാണ് പോയത്. 157 ഏക്കർ വിസ്തൃതിയിൽ 160 ൽ പരം സ്പീഷീസുകൾ ഉള്ള അതിവിശാലമായ ഒരിടമാണ് ശ്രീ ചാമരാജേന്ദ്ര സുവോളജിക്കൽ ഗാർഡൻസ് എന്ന മൈസൂർ സൂ.




വന്യജീവികളെപറ്റിയും അവയുടെ ആവാസവ്യവസ്ഥയെപ്പറ്റിയറിയാനും മൈസൂർ സൂ ഞങ്ങളെ സഹായിച്ചു. ഏകദേശം രണ്ട് മണിക്കൂറോളം നടക്കേണ്ടിവന്നു സൂ മുഴുവനായി കാണുവാൻ.

എന്തെന്നറിയില്ല ചിംപാൻസി കുരങ്ങന്മാരുടെ കൂടിന് മുന്പിലായിരുന്നു ഞങ്ങളുടെ പ്രിയ കൂട്ടുകാരൻ കൃഷ്ണജിത്ത്.

അവൻ ഡാർവിന്റെ പരിണാമസിദ്ധാന്തം ചികയുകയാണെന്ന് ശ്രീരംഗൻ പറയുകയുണ്ടായി.

മൈസൂർ സൂവിലെ ആശ്ചര്യപ്പെടുത്തുന്ന വന്യദൃശ്യങ്ങൾക്കുശേഷം  മൈസൂർ കടുവ എന്നറിയപ്പെട്ടിരുന്ന ടിപ്പു സുൽത്താന്റെ ശവകുടീരത്തിലേക്കും  വാട്ടർ ജയിലിലേക്കുമായിരുന്നു യാത്ര.





വൈകിട്ട് മൂന്ന് മണിയോടുകൂടി ഞങ്ങൾ ത്രിവേണി സംഗമത്തിലെത്തി. കബനി,കാവേരി,ഹൈമാവതി എന്നീ നദികൾ കൂടിച്ചേരുന്നതാണ് മൈസൂരിലെ ത്രിവേണി സംഗമം.



പിന്നീട് യാത്ര ബ്രിന്ദാവൻ ഗാർഡണിലേക്കായിരുന്നു.
കൃഷണരാജാസാഗർ ഡാമിനോടു ചേർന്നുള്ള അതിവിശാലവും
മനോഹരവുമായ ഒരിടമാണ് മൈസൂർ ബ്രിന്ദാവൻ ഗാർഡൻ.



മഴയുണ്ടായിരുന്നുവെങ്കിലും
ഗാർഡനിലെ ലൈറ്റ് ഷോയ്ക്കു
വേണ്ടി കുറച്ചുസമയം ഞങ്ങൾ
ചിലവാക്കി.
ബ്രിന്ദാവൻ ഗാർടണിൽ
നിന്നിറങ്ങുന്ന സമയം എനിക്ക്
വിശപ്പിന്റെ വിളി വന്നു.അപ്പോഴാണ് ഗോപൻ സാറിന്റെ
അറിയിപ്പ്"കുട്ടികളേ ഇവിടെ ശ്രദ്ധിക്കണേ അത്താഴത്തിന് മുന്പാണ്
DJ പാർട്ടി." എലി പുന്നെല്ല് കാണുന്നപോലെ ബാക്കിയുള്ളവന്മാർ
തുള്ളിച്ചാടി.അടച്ചിട്ട മുറിയിൽ ലേസർ ലൈറ്റിന്റെ ഇരുണ്ട വെളിച്ചത്തിൽ
ചെവിക്കല്ല് പൊട്ടിക്കുമാറുച്ചത്തിലുള്ള ശബ്ദ കോലാഹലമായിരുന്നു ഈ
DJ പാർട്ടി.പുഴയിലെ മീനിനെ കരയിലിട്ടാലുള്ള തുള്ളൽ
പോലെയായിരുന്നു എന്റെ കൂട്ടകാരന്മാരുടെ തുള്ളൽ.



മൈസൂരിലെ രണ്ടാം ദിവസത്തെ ആദ്യ
സന്ദർശനം നാഷണൽ റീജിയണൽ
മ്യൂസിയത്തിലേക്കായിരുന്നു.വംശനാശം വന്ന
ഡിനോസറിന്റെ പല്ലുകളും ആനയുടെ എല്ലുകളും
മീനിന്റെ മുള്ളുകളുമൊക്കെയായിരുന്നു അവിടുത്തെ
കാഴ്ചകൾ.
പുറത്തേക്കുള്ള വാതിലിന്റെയടുത്ത് വച്ചിരുന്ന പുല്ലുമാന്തി കണ്ടിട്ട് ഇത്
എന്തിന്റെ എല്ലാണെടാ എന്നു ചോദിച്ച അജയ്യുടെ സംശയം



എല്ലാവരിലും ചിരി പടർത്തി.
ശേഷം മൈസൂർ സെന്റ് ഫിലോമിനാസ് കത്തീഡ്ര
ലിലേക്ക് പോയി.ഏഷ്യയിലെ ഏറ്റവും ഉയരംകൂടിയ ഒരു
പള്ളിയാണിത്.

മൈസൂറിന്റെയും ഇന്ത്യയുടെയും അഭിമാനമായ സാക്ഷാൽ മൈസൂർ പാലസ് ആയിരുന്നു ഞങ്ങളുടെ അടുത്ത സന്ദർശകയിടം.



വാഡിയാർരാജാക്കന്മാരുടെ ഔദ്യോഗിക വസതി കൂടിയായിരുന്നു മൈസൂർ പാലസ്.മൈസൂർ സന്ദർശകരുടെ ഇഷ്ട ഡെസ്റ്റിനേഷൻ കൂടിയായ മൈസൂർ പാലസ് അതിവിശാലമാണ്.ഇവിടുത്തെ കൊത്തുപണികളും അലങ്കാരങ്ങളും അതിമനോഹരമാണ്.



പിന്നീട് പോയത് ചാമുണ്ടിഹിൽ സിലേക്കാണ്. വളരെ പ്രകൃതിമനോഹരമായ സ്ഥലമാണ് സമുദ്ര നിരപ്പിൽ നിന്നും 3480 അടി ഉയരമുള്ള ചാമുണ്ടി ഹിൽസ്. മഹിഷാസുരൻ ഭരിച്ചിരുന്ന ഈ കുന്നിൻ മുകളിൽ വച്ചാണ് മഹിഷാസുരനെ ദുർഗ്ഗാദേവി വധിച്ചതെന്നാണ് വിശ്വാസം.
ഇവിടെ ഞങ്ങൾക്ക് ഷോപ്പിങ്ങിനായി രണ്ട് മണിക്കൂറനുവദിച്ചു.
പക്ഷേ അവസാനദിവസമായിരുന്നതിനാൽ പലരുടെയും പോക്കറ്റ് കാലിയായിരുന്നു.ഏകദേശം അഞ്ച്മണിയോടെ ഞങ്ങൾ മൈസൂരിൽ നിന്ന് മടക്കയാത്ര ആരംഭിച്ചു.

CHANDRAKANTH T S

9 A

# മഹദ് വചനങ്ങൾ

* 'ഏറ്റവും വലിയ  പാപം ഞാൻ  കഴിവുകെട്ടവനാണ് എന്ന വിചാരമാണ് '

– (സ്വാമി വിവേകാനന്ദൻ)

* 'സ്നേഹത്തിന്റെ ശബ്ദം എത്ര കേട്ടാലും മതി വരില്ല '

–(ഷെല്ലി)

* 'എവിടെ സ്നേഹമുണ്ടോ, അവിടെ ജീവിതമുണ്ട് '

–(ഗാന്ധിജി)

* 'വലിയ സ്നേഹത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങൾ പോലും വലിയ സന്തോഷവും സമാധാനവും നൽകും '

–(മദർ തെരേസ)

* 'നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക് സമാനമാണ് '

–(ഡോ.എ.പി.ജെ അബ്ദുൽ കലാം )

*'ചെയ്യാവുന്നതിൽ നല്ലത് ചെയ്യുക നാളെ അതിലും മെച്ചമായത് ചെയ്യാം'

–( ഐസക് ന്യൂട്ടൻ )


* 'ഞാൻ ഭാവിയെ പറ്റി ചിന്തിക്കാറില്ല അത് അത്ര വേഗം വന്നെത്തുന്നു '

–( ആൽബർട്ട് ഐൻസ്റ്റീൻ )


* ' വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക '

–( പി.എൻ.പണിക്കർ )

സമ്പാദക :
കാർത്തിക പി എസ്
9 C



# MY ROBOT



Hrishikesh G Nair

9 A

# Sarojini Naidu

Sarojini Naidu, popularly known as Nightingale of India,was a poet and politician,

Sarojini Naidu served as the first governor of the United Provinces of independent india from 1947/1949 .

She was the first women to become the governor of an indian state.

She was the second women to become the president of the Indian National Congress in 1925 and the first women in india to do so. She was married at the age of 19 in 1898. She had four children namely,

- Jayasurya,Padmaja,Randheer and Leilaman -

On 2nd March 1949,Sarojini Naidu passed away while she is serving her governor position

Anakha R

9C

# ഡിജിറ്റൽ സാക്ഷരത

ടൈപ്പിംഗ് അല്ലെങ്കിൽ ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് വിവരങ്ങൾ കണ്ടെത്താനും വിലയിരുത്താനും ആശയവിനിമയം നടത്താനുമുള്ള ഒരു വ്യക്തിയുടെ കഴിവാണ് ഡിജിറ്റൽ സാക്ഷരത .

ഡിജിറ്റൽ സാക്ഷരത തുടക്കത്തിൽ ഡിജിറ്റൽ കഴിവുകളിലും ഒറ്റപ്പെട്ട കമ്പ്യൂട്ടറുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നപ്പോൾ, ഇൻ്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ആവിർഭാവം അതിന്റെ ശ്രദ്ധയിൽ ചിലത് മൊബൈൽ ഉപകരണങ്ങളിലേക്ക് മാറ്റി . വ്യാഖ്യാനിക്കുന്നതിനുള്ള പരമ്പരാഗത രീതികളെ മാറ്റിസ്ഥാപിക്കുന്നില്ല, മറിച്ച് ഈ പരമ്പരാഗത സാക്ഷരതകളുടെ അടിസ്ഥാനപരമായ കഴിവുകളെ വിപുലീകരിക്കുന്നു. അറിവ് നേടുന്നതിനുള്ള പാതയുടെ ഭാഗമായി ഡിജിറ്റൽ സാക്ഷരതയെ കണക്കാക്കണം.

കാർത്തിക് സൂരജ്

9C



# Social And Cultural Uprisings

## Brahma Samaj

•Founded by Raja Ram Mohan Roy in 1828.

•Raja Ram Mohan Roy is known as the father of Indian Renaissance.

•He criticized Sati and advocated Widow remarriage.


•Founded by Swami Dayanand Saraswathi in 1875.

•His motto was 'Go back to Vedas.'

•His famous books are Satyartha Prakash, Veda Bhashya Bhumika etc.

## Ramakrishna Mission

•Founded by Swami Vivekananda.




•Vivekananda was a sanyasi from calcutta

•Vivekananda atended the parliament of Religion at Chicago in 1893.

•Irish lady Margaret Nobel (Sister Nivedita) popularized Ramakrishna Mission.

## Aligarh Movement

•Aligarh movement was started by Sir Syed Ahmadkhan.

•He founded Aligarh Muhammadan Anglo oriental college (Aligarh Muslim University)in 1875.

## Servants of India Society

•Formed by Gopal Krishna Gokhale in 1915.

## Theosophical Society

•Founded by Madam HP Blavatsky and Col. M.S Olcott in US in 1875.

•In 1882, it was shiffed to Adayar (TamilNadu).

•Annie Basant elected its president, she founded central Hindu college in 1898.

## Ahamadiya Movement

• This movement was started by Mirza Ahmad.

Aswani Santhosh

9A


# Historic date....

## INVENTION OF THE COMPUTER MOUSE

9 December 1968

During a conference in the USA, Doug Engelbart introduced a system to control and use a computer. Among the novelties: a case that could be shifted on the dusk to move the cursor on the screen. The device was connected to the computer by a wire. So it made one think of ..... a mouse!

Hiranmayi H
8C



# Lifestyle Diseases

Lifestyle diseases can be defined as diseases linked with one's lifestyle. These diseases are non-communicable diseases.

## Causes

They are caused by the lack of physical activity, unhealthy eating, alcohol, substance use disorders and smoking tobacco, which can lead to heart disease, stroke, obesity ,type 2 diabetes and lung cancer.

What are the dangers of lifestyle diseases?

This may affect the heart, kidneys and muscles ability to operate correctly. Confusion,memory loss and sadness are neurological symptoms that may occur as effects of lifestyle diseases. They are four significant lifestyle diseases : cardio vascular diseases, chronic respiratory diseases, diabetes ,and cancer.

These diseases can be avoided by simple lifestyle changes.

***" Prevention is better than cure".***

Prarthana Saji

10B


**PREVENTION IS BETTER THAN CURE**

## വിദ്യാർത്ഥികൾക്ക് വിജയമന്ത്രം ചാണക്യന്റെ ഈ വാക്കുകൾ

പൗരാണിക ഭാരതത്തിൽ ജീവിച്ചിരുന്ന മഹാപണ്ഡിതനായിരുന്ന ചാണക്യൻ. അദ്ദേഹം തന്റെ നയങ്ങളിലൂടെ ജീവിതത്തിന്റെ എല്ലാ മേഖലകളെക്കുറിച്ചും വിശദമായ വിവരങ്ങൾ നൽകിയിട്ടുണ്ട്. ചാണക്യ നീതിയിൽ പല കാര്യങ്ങളും പരാമർശിച്ചിട്ടുണ്ട്. അത് പിന്തുടരുന്നതിലൂടെ നിങ്ങൾക്ക് ഏത് പ്രശ്നത്തിൽ നിന്നും കരകയറാൻ സാധിക്കും. ഇതുകൂടാതെ ചാണക്യൻ വിദ്യാർത്ഥികളുടെ ജീവിതത്തെക്കുറിച്ചും ചാണക്യനീതിയിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ചാണക്യനീതിയുടെ അഭിപ്രായത്തിൽ, വിദ്യാർത്ഥികളുടെ ജീവിതം വിലപ്പെട്ടതാണ്. അതിനാൽ അവർ പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കണം. വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ഗൗരവമുള്ളവരായിരിക്കണം. അശ്രദ്ധ, ചീത്ത കൂട്ടുകെട്ട്, അലസത എന്നിവയാണ് വിദ്യാർത്ഥി ജീവിതത്തെ ഏറ്റവും കൂടുതൽ നശിപ്പിക്കുന്നത് എന്ന് ചാണക്യൻ പറയുന്നു. ഈ കാലഘട്ടത്തിൽ വരുത്തുന്ന തെറ്റ് നിങ്ങളുടെ ജീവിതത്തെ മുഴുവൻ ബാധിക്കും. ചാണക്യനീതിയിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ലക്ഷ്യങ്ങൾ എളുപ്പത്തിൽ നേടുന്നു. ഇത്തരമൊരു സാഹചര്യത്തിൽ, വിദ്യാർത്ഥികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ചാണക്യന്റെ വാക്കുകൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

**കൃത്യസമയത്ത് എല്ലാ ജോലികളും പൂർത്തിയാക്കുക**

ചാണക്യ നീതി പ്രകാരം ഏത് ജോലിയും പൂർത്തിയാക്കാൻ ഒരു നിശ്ചിത സമയമുണ്ട്. അതിനാൽ, വിദ്യാർത്ഥികൾ അവരുടെ എല്ലാ ജോലികളും കൃത്യസമയത്ത് പൂർത്തിയാക്കാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ നിങ്ങൾക്ക് യഥാസമയം വിജയം കൈവരിക്കാൻ സാധിക്കൂ.




**അച്ചടക്കം**

വിദ്യാർത്ഥികളുടെ ജീവിതത്തിൽ അച്ചടക്കം വളരെ പ്രധാനമാണെന്ന് നിങ്ങൾ നന്നായി മനസ്സിലാക്കണം. ഇത് സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഏത് കാര്യത്തിലും വിജയം നേടാൻ അധികം ബുദ്ധിമുട്ടേണ്ടി വരില്ല. അത്തരം വിദ്യാർത്ഥികൾ അവരുടെ ലക്ഷ്യങ്ങൾ എളുപ്പത്തിൽ നേടുന്നു.

**ചീത്ത കൂട്ടുകെട്ട് ഒഴിവാക്കുക**

ചാണക്യനീതിയുടെ അഭിപ്രായത്തിൽ വിദ്യാർത്ഥികൾ എല്ലായ്പ്പോഴും തെറ്റായ കൂട്ടുകെട്ടുകളിൽ നിന്ന് അകന്നു നിൽക്കണം, കാരണം തെറ്റായ കൂട്ടുകെട്ട് നിങ്ങളെ നശിപ്പിക്കും. ഈ പ്രായത്തിൽ സുഹൃത്തുക്കളുടെ കൂട്ടായ്മ വലിയ സ്വാധീനം ചെലുത്തുന്നു. അത്തരമൊരു സാഹചര്യത്തിൽ, വിദ്യാർത്ഥികൾ നല്ല സുഹൃത്തുക്കളെ ഉണ്ടാക്കണം. നല്ല സുഹൃത്തുക്കൾ എപ്പോഴും നിങ്ങൾക്ക് ഒരു വഴികാട്ടിയായി കൂടി പ്രവർത്തിക്കും.

**മോശമായ കാര്യങ്ങൾക്ക് അടിമപ്പെടരുത്**

ചാണക്യന്റെ അഭിപ്രായത്തിൽ വിദ്യാർത്ഥികൾ മയക്കുമരുന്ന്, ലഹരി മുതലായവയിൽ നിന്ന് വിട്ടുനിൽക്കണം. മോശം ശീലങ്ങൾ വിജയത്തിന് തടസ്സമാകും. ലഹരിക്ക് അടിമപ്പെട്ടാൽ അത് നിങ്ങളുടെ ശരീരവും മനസ്സും സമ്പത്തും നശിപ്പിക്കുന്നു. ഇതുകൂടാതെ സമൂഹത്തിലും കുടുംബത്തിലും നിങ്ങളുടെ ബഹുമാനവും കുറയുന്നു. അതിനാൽ നിരവധി പ്രശ്നങ്ങൾ നേരിടേണ്ടിവരും.

**അലസത ഉപേക്ഷിക്കുക**

അലസതയാണ് വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ശത്രുവെന്ന് ചാണക്യൻ തന്റെ ചാണക്യനീതിയിൽ പറയുന്നു. അത്തരമൊരു സാഹചര്യത്തിൽ, നിങ്ങൾ അലസതയിൽ നിന്ന് വിട്ടുനിൽക്കണം. അലസത നിങ്ങളെ എങ്ങുമെത്തിക്കില്ല. വിജയമാണ് ലക്ഷ്യമെങ്കിൽ നിങ്ങൾ അതിനായി കഠിനാധ്വാനംചെയ്യണം.

**ഋഷികേശ് ജി നായർ**
**9 A**

# THE RISE OF GRAVITY



ആദർശ് പി അനിയൻ
9 A

# MAGICAL MATHS



Krishnapriya Raj
8 A

# മലയാളം ടൈപ്പിങ്ങ്

കഴിഞ്ഞ ദശകത്തിൻ്റെ പകുതി വരെ കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യുന്നത് ഇന്നത്തെ പോലെ എളുപ്പമായിരുന്നില്ല. "എൻ്റെ കമ്പ്യൂട്ടറിന് എൻ്റെ ഭാഷ" എന്ന ലക്ഷ്യത്തോടെ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗിൻ്റെ (എസ്എംസി) ബാനറിൽ ഒരു കൂട്ടം സാങ്കേതികവിദ്യയും ഭാഷാ പ്രേമികളും ഒത്തുചേരുന്ന സമയമായിരുന്നു അത്.ഏതാനും വർഷങ്ങൾക്കുള്ളിൽ,യൂണികോഡ് സിസ്റ്റത്തിൽ ടൂളുകളും ഫോണ്ടുകളും വികസിപ്പിച്ച്, കമ്പ്യൂട്ടറുകളിൽ ഒരു സ്റ്റാൻഡേർഡ്





മലയാളം ലിപി പ്രാപ്തമാക്കി, അവരുടെ പരിശ്രമം ഫലം കണ്ടു, അത് ഇപ്പോൾ സർക്കാർ ഉത്തരവുകൾ മുതൽ ഓൺലൈൻ പത്രങ്ങൾ വരെ എല്ലാത്തിലും ഉപയോഗിക്കുന്നു

ഈ രംഗത്ത് വിലയേറിയ സംഭാവന നൽകിയ ഒരു വ്യക്തിയാണ് സന്തോഷ് തോട്ടിങ്ങൽ.ഇൻഡിക് ലാംഗ്വേജ് കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട നിരവധി സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോജക്ടുകളും അദ്ദേഹം പരിപാലിക്കുന്നു – മലയാളം ഡിജിറ്റൽ ടൈപ്പിങ്ങിൽ കാര്യമായ സംഭാവനകൾ ചെയ്ത വ്യക്തിയാണ് സന്തോഷ് തോട്ടിങ്ങൽ – ചിലങ്ക മഞ്ജരി ,നു പുരം. മാലിനി എന്നീ മലയാള അക്ഷര രൂപങ്ങൾ അദ്ദേഹം ഡിസൈൻ ചെയ്തിട്ടുണ്ട് .കൂടാതെ നിരവധി മലയാളം യൂണികോഡ് ഫോണ്ടുകളും പരിപാലിക്കുന്നു ഈ ഫോണ്ടുകൾ എല്ലാം എസ് എം സി വെബ്സൈറ്റിൽ കാണാവുന്നതാണ്.

ആദർശ് പി അനിയൻ

9 A



Josna Johnson
10 A

# ജീവതാളം.........

അഭിയുടെ മധുരസ്വരത്താൽ  പൂർണ്ണത നൽകപ്പെട്ട ഗാനം വിജനതയിലേക്ക് നോക്കിയിരുന്ന ദേവയുടെ മനസ്സിനെ ഓർമ്മകളുടെ ആഴക്കടലിൽ എത്തിച്ചു. അവൻ്റെ മധുറസ്വരത്തിന് നമ്മെ ഒരു മയലോകത്ത് എത്തിക്കുവാനുള്ള കഴിവുണ്ട്.

അഭി, അഗ്നിദേവ് എന്ന ദേവയുടെ ആത്മസുഹൃത്ത്, അഭിരാം കൃഷ്ണ.
ദേവയുടെ പ്രോത്സാഹനം കൊണ്ട് മാത്രമാണ് അഭിയുടെ കലയെ കൂടുതൽ ആളുകൾ അറിഞ്ഞത്. യൂത്ത് ക്ലബിന്റെ ഉദ്ഘാടന ദിവസം ഗാനാലാപനത്തിന് അഭിയുടെ പേര് ദേവ നൽ കിയില്ലായിരുന്നുവെങ്കിൽ അഭിരാം കൃഷ്ണ എന്ന ഗായകനെ പലരും അറിയാതെ പോയേനെ;നന്ദിനിയും. അന്നാണവൾ അവനെ കാണുന്നത്, അവൻ്റെ സ്വരം തിരിച്ചറിയുന്നത്. പാട്ടിൽ മുഴുകിയിരുന്ന നന്ദിനിയുടെ തോളിൽതട്ടി ഒരാൾ അവളെ വിളിച്ചു " നന്ദാ ....മതി വാ പോകാം, നിന്നെ വീട്ടിൽ വിട്ടിട്ടു വേണം എനിക്കു ഹോസ്റ്റലിൽ കേറാൻ.ഇനിയും നീ താമസിച്ചാൽ അമ്മ പേടിക്കും." മറ്റാരുമല്ല ദേവ ആണ് അവളെ വിളിച്ചത് . ദേവയുടെ ഒരേയൊരു സഹോദരിയാണ് നന്ദിനി. അമ്മയുടെയും ചേട്ടൻ്റെയും വാക്കിനെ എതിർക്കാനറിയാത്ത ഒരു പാവമാണ് നന്ദിനി . അഭിയുടെ ഗാനം മുഴുവൻ കേൾക്കാൻ സാധിക്കാഞ്ഞതിൻ്റെ പരിഭവം ഉണ്ടായിരുന്നുവെങ്കിലും അത് പ്രകടമാക്കാതെ അവൻ്റെ സ്വരത്തെയും ഗാനത്തെയും അവൾ ഒരുപാട് പുകഴ്ത്തി.
വീട്ടിലെത്തുന്നതിനുമുമ്പ് അവൾ ദേവയോട് ഒരു കാര്യം ആവശ്യപ്പെട്ടു  "ദേവേട്ടാ, ഇന്ന് പാട്ടുപാടിയ ചേട്ടനെ എനിക്ക് പരിചയപ്പെടുത്തി തരാമോ? "
"എന്തിനാ? "
" വെറുതെ, ഒരു ഓട്ടോഗ്രാഫ് വാങ്ങാനാ"
" അത്രേ ഉള്ളോ , പരിചയപ്പെടുത്താലോ!"
പിറ്റെ ദിവസം ദേവ നന്ദക്ക് അഭിയെ പരിചയപ്പെടുത്തി കൊടുത്തു. നന്ദ അഭിയുടെ ഗാനത്തെ പ്രണയിക്കുവാൻ തുടങ്ങി, അഭി അവൾക്ക് മാത്രമായി പാടാനും തുടങ്ങി. പെട്ടെന്നൊരു ദിവസം നന്ദിനി പഠിത്തം നിർത്തി. കാരണമെന്തെന്ന് കൂടെ പഠിക്കുന്ന ആർക്കും അറിയില്ല. ദേവയോട് ചോദിക്കാൻ അവനും കോളജിൽ വന്നിട്ട് ദിവസങ്ങൾ ഏറെ ആയിരിക്കുന്നു. ഒരു ദിവസം രാത്രി , അഭിയുടെ വീട്ടിൽ : "അഭി , നീ എത്രയും പെട്ടെന്ന് എൻ്റെ കൂടെ വരണം " ദേവയാണ് അവനെ വിളിച്ചത്. അവനാകെ കരഞ്ഞ്  തളർന്നിരുന്നു. മറ്റൊന്നും ചോദിക്കാതെ അഭി ദേവയോടൊപ്പം ചെന്നു. ദേവ അവനെ കൊണ്ട് ചെന്നത് ആശുപത്രിയിലേക്കാണ്. അഭി പരിഭ്രാന്തനായി അവനോടു ചോദിച്ചു ,
" എന്താ ദേവ , എന്തിനാ ഇവിടെ വന്നത്? "
ദേവ ഒന്നും മിണ്ടാതെ അവനെയും കൂട്ടി ഒരു മുറിയിലേക്ക് കയറി. അവിടെ കണ്ട കാഴ്ച അവൻ്റെ മനസ്സിനെ മരവിപ്പിച്ചു. വാക്കുകൾ കിട്ടാതെ അവൻ സ്തംഭിച്ചു നിന്നു. നന്ദിനി ഒരു ക്യാൻസർ രോഗിയാണെന്ന് അവൻ തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. തൻ്റെ അവസാന നിമിഷം അഭിയുടെ ഗാനം ആസ്വദിക്കാൻ അവൾ ആഗ്രഹിച്ചത് കൊണ്ടാണ് ദേവ അവൾക്കായി അഭിയെ കൊണ്ടുവന്നത്. മരണത്തെ കാത്തുകിടന്ന അവൾക്ക് വേണ്ടി അവൻ പാടി , അവളുടെ ഇഷ്ടഗാനം.......

..............................................................................................................................................

..........................................................................................................................................

ചുറ്റും കയ്യടി മുഴങ്ങി. ദേവ ഓർമ്മകളിൽ നിന്നും മുക്തനായി.അവനും അഭിയുടെ പാട്ടിന് കയ്യടിച്ചു. അഭിരാം സ്റ്റേജിൽ നിന്നിറങ്ങി നന്ദിനിയുടെ കൈ പിടിച്ച് ദേവയുടെ അടുത്തേക്ക് നടന്നു.

..............................................................................................................................................

നന്ദിനി ക്യാൻസറിനെ അതിജീവിച്ചത് ദേവയ്ക്ക് ഇന്നും അത്ഭുതമാണ്. മരണത്തെ മുഖാമുഖം കണ്ട അവൾ ജീവിതത്തിലേക്ക് വന്നത് അഭിയുടെ ഗാനം കൊണ്ടാണ്. ഇനി ഇതല്ല സത്യമെങ്കിലും ഇത് അംഗീകരിക്കുവാനാണ് ദേവയും നന്ദയും ഇഷ്ടപ്പെടുന്നത്.

ആദിത്യ അജി
10 A

# ഉത്സവം

.........

ഉത്സവമായി തിരു ഉത്സവമായി
ആനയും ചെണ്ട മേളവും പുലികളിയും
തെയ്യവും കഥകളിയും വെടിക്കെട്ടും
നിറഞ്ഞു നിൽക്കു ന്നഎന്റെ പൂരമാണ് ഉത്സവം
പുത്തൻ കോടി വസ്ത്രങ്ങൾ
അണിയും
അമ്പലത്തിൽ ദർശനം നടത്തും
അമ്പല മൈതാനത്ത് ചുറ്റിനടക്കും
ചാന്തുപൊട്ടും വളയും കളിപ്പാട്ടങ്ങളും
വാങ്ങും
ഓർമ്മകൾ നിറയും വേർപാടിന് കണ്ണ്
നിറയും
കുടുംബത്തിന് ഒത്തു ചേരലാണ് ഉത്സവം
നാടിനും ദേശത്തിനും ഐശ്വര്യമാണ്
എന്റെ ഉത്സവം

......

കൃഷ്ണപ്രിയ സുരേഷ്

9A



# ലിറ്റിൽകൈറ്റ്സ് ജില്ലാ ക്യാമ്പ്

## –നവ്യാനുഭവം

ലിറ്റിൽ കൈറ്റ്സിന്റെ ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 86 – വിദ്യാർത്ഥികളിൽ ഒരാളായി മാറുവാൻ സാധിച്ചു എന്നത് എന്റെ ജീവിതത്തിലെ അഭിമാനകരമായ നേട്ടം തന്നെയാണ്. ഫെബ്രുവരി 17,18 തീയതികളിൽ കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന ക്യാമ്പിലേക്ക് ഏറെ ആശങ്കകളോടു കൂടിയാണ് ഞാനെത്തിയത് . എന്നാൽ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളും , ആത്മവിശ്വാസവും സമ്മാനിക്കുന്നതായിരുന്നു ക്യാമ്പ് ദിനങ്ങൾ. ഫെബ്രുവരി 17ാം തീയതി കൃത്യം 10 മണിക്ക് തന്നെ ആദ്യ സെഷൻ ക്ലാസ്സ് ആരംഭിച്ചു. മൊബൈൽ ആപ്പുകളുടെ സങ്കേതിക വശങ്ങളും അവയുടെ നിർമ്മിതിയും എന്നതായിരുന്നു മുഖ്യമായും ചർച്ച ചെയ്തത്. ക്ലാസ് നയിച്ച ടീച്ചറിന്റെ അവതരണ രീതി ഏറെ മികവുറ്റതും പ്രയോജനവുമായിരുന്നു.ഉച്ചഭക്ഷണത്തിനുശേഷം കൃത്യം 2 മണിക്ക് തന്നെ അടുത്ത ക്ലാസ്സ് ആരംഭിച്ചു . കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങുകളെക്കുറിച്ചും പൈത്തൺ, ജാവ ,തുടങ്ങിയ പ്രോഗ്രാമിംഗ് ഭാഷകളെപ്പറ്റിയും, നൂതനമായ അറിവ് ഞങ്ങൾക്ക് പകർന്നു തരുകയും വളരെ ഫലപ്രദമായരീതിയിൽ തന്നെ ക്ലാസ്സ് എടുക്കുകയും ചെയ്തത് തോമസ് സാറായിരുന്നു.

വൈകുന്നേരം കുട്ടികളുടെ വ്യത്യസ്തമായ കലാപരിപാടികളും സംവാദചർച്ചകളും ഉണ്ടായിരുന്നു. രാത്രിയിലെ ക്യാമ്പ് ഫയർ ഏറെ ഹൃദ്യമായ അനുഭവമായിരുന്നു രാവിലെ 10 മണിക്ക് തന്നെ ക്ലാസ്സ് ആരംഭിച്ചു. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. അൻവർ സാദത്ത് സാർ നടത്തിയ ഓൺലൈൻ ആശയവിനിമയമായിരുന്നു അതിൽ തന്നെ ഏറ്റവും പ്രയോജനപ്രദമായി എനിക്ക് അനുഭവപ്പെട്ടത്. ബ്ലെൻഡർ സോഫ്റ്റ്‌വെയറിൽ ത്രിമാന രൂപങ്ങൾ തയ്യാറാക്കി അവയ്ക്ക് ആനിമേഷൻ നൽകുവാനും, 3ഡി ക്യാരക്ടർ മോഡലിംങ്ങ്, ക്യാരക്ടർ റിഡിങ് മുതലായ 3ഡി ഒബ്ജക്ടുകളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങളുടെ പരിശീലനം എനിക്ക് വളരെ അധികം പ്രയോജനം ചെയ്തു .അറിവിനെ ആഘോഷമാക്കി മാറ്റിയ ഈ ഒരു സഹവാസ ക്യാമ്പ് എന്റെ ജീവിതത്തിലെ തന്നെ സുപ്രധാനമായ നിമിഷങ്ങളിലൊന്നാണ്.

അലൻ വിൻസെന്റ്

9 B




# പോടാ പോടാ വൈറസേ.....

ചൈനയിൽ നിന്നും വന്നല്ലോ,
ലോകം മുഴുവൻ ചെന്നല്ലോ,
കൊറോണയെന്നാണെൻ പേര്,
കോവിഡ് രോഗം തരുമേ ഞാൻ
സ്കൂളിൽ പോകാൻ പറ്റില്ല,
ആൾക്കൂട്ടങ്ങൾ പറ്റില്ല,
ഞാനൊരു വീരൻ വൈറസാ.

സാനിറ്റൈസർ ഉണ്ടല്ലോ,
മാസ്കുമിവിടെ ഉണ്ടല്ലോ,
സമ്പർക്കങ്ങൾ ഒഴിവാക്കി,
വാക്സിനുമിവിടെ കണ്ടെത്തി,
പോടാ, പോടാ, വൈറസേ,
നിന്നെ ഞങ്ങൾ ഓടിക്കും,
സ്കൂളിൽ പോകാൻ പറ്റൂല്ലോ,
ആഘോഷങ്ങൾ പതിവാക്കും...!


കൃഷ്ണപ്രിയ രാജ്
8 A



# അമ്മ

അമ്മയെന്ന രണ്ടക്ഷരമെന്ന
വാക്കിനാൽ മാറ്റരക്കനാകുമോ
മറ്റൊരു വാക്കിന്.
അമ്മതൻ ഗർഭപാത്രത്തിൽ
കിടക്കുമ്പോളമ്മതൻ
വാത്സല്യത്തെ അറിഞ്ഞതേയില്ല ഞാൻ.
പേറ്റു നോവറി ഞ്ഞു നൊന്തു
പ്രസവിച്ചോരമ്മയെ
വൃദ്ധ സദനതണലുകളിൽ കിടത്തുന്നു മക്കൾ.
പത്തുമാസം ചുമന്നു
നടന്നോരമ്മയെ പത്തു
സംവത്സരം സംരക്ഷിച്ചീടുക വേണം.
വാൽസല്യത്തിൻ കനിവേകുവാൻ
ആ മടി തട്ടിൽ തലചായ്ച്ചു
റങ്ങുവാൻ, അമ്മിഞ്ഞപ്പാലിൻ മാധുര്യം
നുകരുവാൻ വീണ്ടുമൊരു
ജന്മമേകുമോ നിൻ മകളായ്
പിറവികൊള്ളാൻ.

ശ്രേയ എസ്
8 A




# എനിക്ക് ഇവനെ മതി

ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു അയാൾക്ക് ഒരു പെൺ പട്ടിയുണ്ടായിരുന്നു ഒരിക്കൽ ആ പട്ടി പ്രസവിച്ചു നല്ല ഭംഗിയുള്ളഅഞ്ച് കുഞ്ഞുങ്ങൾ. നല്ലയിനം നായ്ക്കുട്ടികളായതിനാൽ അവയെ വിൽക്കാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ വീടിന്റെ അരികിൽ ഉള്ള ഒരു പോസ്റ്റിൽ പട്ടികുഞ്ഞുങ്ങളെ വിൽക്കാനുണ്ട് എന്ന ഒരു ബോർഡ് വയ്ക്കുകയായിരുന്നു, അപ്പോൾ ആരോ തന്റെ ഉടുപ്പിൽ പിടിച്ചു വലിക്കുന്നതായി അയാൾക്ക് തോന്നി അയാൾ തിരിഞ്ഞ് നോക്കിയപ്പോൾ ഒരുകൊച്ചുകുട്ടിയായിരുന്നു അവൻ പറഞ്ഞ് എനിക്കൊരു പട്ടിക്കുഞ്ഞിനെ വേണം എന്ന് പറഞ്ഞു' അതിനെന്താ തരാമല്ലോ പക്ഷേ വില കുറച്ച് കൂടുതലാണ് എന്ന് പറഞ്ഞു. എങ്കിൽ പട്ടികുഞ്ഞുങ്ങളെ ഒന്ന് കാണിക്കാമോ എന്റെ കൈയിൽ അൻപത് ്രൂപയുണ്ട് അത് മതി ഡോളി ഇവിടെ വരു ഉടനെ കൂട്ടിൽ നിന്നു ഡോളി എന്ന പട്ടി അനുസരണയോടെ കൃഷിക്കാരന്റെ മുമ്പിൽ വന്നു നിന്നു. അതാ വരുന്നു പിന്നാലെ നല്ല ഭംഗിയുള്ള നാല് പട്ടിക്കുഞ്ഞുങ്ങൾ. കുട്ടിക്ക് സന്തോഷമായി ഇതിലൊന്നിനെ കിട്ടുമല്ലോ അപ്പോളതാ ഒരു പട്ടിക്കുഞ്ഞു കൂടി വരുന്നു അതാണ് ആ കൂട്ടത്തിൽ ചെറുതു അതിൻറെ കാലിന് മുടന്ത് ഉണ്ട്. അതിനെ കണ്ടപ്പോൾ കുട്ടിക്ക് സഹതാപം തോന്നി എനിക്ക് ആ പട്ടിക്കുഞ്ഞിനെ മതി കുട്ടി അതിനെ എടുക്കാൻ തുടങ്ങി അപ്പോൾ കൃഷിക്കാരൻ പറഞ്ഞു അയ്യോ അതിന് നിന്റെ കൂടെ ഓടി ചാടി കളിക്കാൻ പറ്റില്ല വേറെ നല്ലതിനെ എടുത്തോ അപ്പോൾ കുട്ടി തന്റെ കൃത്രിമകാൽ അയാളെ കാണിച്ചിട്ട് പറഞ്ഞ് എനിക്കും നന്നായി ഓടി കളിക്കാൻ പറ്റില്ല. അത് കൊണ്ട് എനിക്ക് അവന്റെയും അവന് എന്റെയും പ്രയാസം അറിയാൻ പറ്റു ഇത് കേട്ട് അയാൾ വില' വാങ്ങാതെ പട്ടിക്കുഞ്ഞിനെ കൊടുത്തു.

ക്രിസ് ബിജോ

8C



# ഞാൻ ഒരു ലിറ്റിൽ കൈറ്റ് ആയപ്പോൾ




ഞാൻ 8–ാം ക്ലാസ്സിലാണ് ലിറ്റിൽ കൈറ്റ്സിൽ അംഗമായത്. പ്രവേശന പരീക്ഷ നടത്തിയാണ് ഞങ്ങളെ തെരഞ്ഞെടുത്തത് . ഞങ്ങൾ 2022–25 ബാച്ചിലെ അംഗങ്ങളാണ് . .ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വം വഹിച്ചത് സുമടീച്ചറും രതീഷ്സാറും ആയിരുന്നു. എനിക്ക് ലിറ്റിൽ കൈറ്റ്സ് എന്താണ് എന്നുള്ള ഏകദേശധാരണ സ്കൂളിൽ നടത്തിയ പ്രിലിമിനറി ക്യാമ്പിലൂടെ ലഭിച്ചു.

ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം ടൈപ്പിംഗ്, മൊബൈൽആപ്പ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ് തുടങ്ങിയ മേഖലകളിൽ ഞങ്ങൾക്ക് പരിശീലനം ലഭിച്ചു. അധ്യാപകരുടെ ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവ വളരെയേറെ പ്രയോജനപ്പെട്ടു.
സ്കൂളിലെ ഹാർഡ്‌വെയർ, പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത,ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം എന്നിങ്ങനെ നിരവധി മേഖലകളിൽ പ്രവർത്തിക്കുവാൻ ഈയവസരത്തിൽ സാധിച്ചു. ഓണാവധിക്കാലത്തെ ക്യാമ്പോണം ––സ്കൂൾ ക്യാമ്പ് ഏറെ രസകരമായിരുന്നു.
പിന്നീട് ക്രിസ്തുമസ് അവധിക്കാലത്ത് ഞങ്ങൾ 8– പേർ പുതുപ്പള്ളിയിൽ 26,27 തീയതികളിലായി നടന്ന സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്തു. ഞങ്ങൾക്ക് ഈ അവസരത്തിൽ നിരവധി അറിവുകൾ ലഭിക്കുകയും കൂട്ടുകാരോട് പങ്കുവയ്ക്കുകയും ചെയ്തു.ടീൻസ് ക്ലബിന്റെ ഭാഗമായി ഞങ്ങൾ എല്ലാ ക്ലാസ്സിലും ബോധവൽക്കരണ ക്ലാസ്സുകൾ എടുത്തു. അങ്ങനെ എനിക്ക് നല്ലൊരു ലിറ്റിൽ കൈറ്റ് ആകുവാൻ സാധിച്ചു. ഭാവിയിൽ ഒരു കമ്പ്യൂട്ടർഎഞ്ചിനീയർ ആകുവാനുള്ള പ്രചോദനം ലിറ്റിൽ കൈറ്റ്സിലൂടെ ലഭിച്ചു.

റയാൺ മാത്യു
9c

# Ramanujan number ----1729

1729 is the least number which can be written as the sum of cubes of two different numbers in two different ways.

1. $1729 = 10^3 + 9^3$
   $= 1000 + 729$
   $= 1729$

2. $1729 = 12^3 + 1$
   $= 1728 + 1$
   $= 1729$

Albin Mathew

9B

RAMANUJAN NUMBER

# എന്റെ ഗ്രാമം ...പനച്ചിക്കാട്.....

വയലേലകളും തോട്ടകളും, കുന്നിൻപുറങ്ങളും നിറഞ്ഞ വശ്യ സുന്ദരമായ കൊച്ചു ഗ്രാമമാണ് പനച്ചിക്കാട്.




കോട്ടയം പട്ടണത്തോടും,നാട്ടകം പഞ്ചായത്തിനോടും ചേർന്നു സ്ഥിതിചെയ്യുന്ന ഈ ഗ്രാമം, പനച്ചിക്കാട് പഞ്ചായത്ത് എന്നപേരിൽ അറിയപ്പെടുന്നു. ഇരുപത്തിനാല് വാർഡുകൾ ഉള്ള ഈ ഗ്രാമം നിരവധി ഹൈന്ദവ ക്ഷേത്രങ്ങളും, ക്രൈസ്തവ ദേവാലയങ്ങളാലും ഭക്തി സാന്ദ്രമാണ്. കേരളത്തിലെ പ്രശസ്തമായ ദക്ഷിണ മൂകാംബിക ക്ഷേത്രം പനച്ചിക്കാട് ഗ്രാമത്തിലാണ് ആയിരകണക്കിന് കുഞ്ഞുങ്ങളെ അവിടെ അക്ഷരമെഴുതിക്കാറുണ്ട്.

വെള്ളൂത്തുരുത്തി ദേവി ക്ഷേത്രത്തിൽ വർഷത്തിൽ ഒരിക്കൽ നടക്കുന്ന അതിമനോഹരമായ കുംഭകുട മഹോത്സവം ഈ ഗ്രാമത്തിന്റെ ചാരുതയാർന്ന കാഴ്ചയാണ്. ഡിസംബർ മാസം എല്ലാ മതസ്ഥരും ചേർന്നു നടത്തുന്ന സംയുക്ത ക്രിസ്തുമസ് മത സൗഹാർദ്ദത്തെ ഉറപ്പിക്കുന്നു.
ആമ്പൽ പാടങ്ങളും ,വയലേലകളും, റബ്ബർ തോട്ടങ്ങളും നിറഞ്ഞ വശ്യ സുന്ദരമായ ഒരു നാടാണ് പനച്ചിക്കാട്. നിരവധി സ്കൂളുകളും,പ്രസിദ്ധമായ സെയിന്റ്ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജും,ശ്രീനാരായണ കോളേജും ഈ ഗ്രാമത്തിലാണ്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളും ,ഹയർ സെക്കൻഡറി സ്കൂളും, ഞാൻ പഠിക്കുന്ന എന്റെ വിദ്യാലയമായ--സദനം സ്കൂൾ-- എന്നറിയപ്പെടുന്ന എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂൾ ആണ്.

യാത്രസൗകര്യം ഏറെയുള്ള നല്ല വഴികൾ ഈ ഗ്രാമത്തിന്റെ നിറവാണ്.

അതിരാവിലെ ഭക്തിഗാനങ്ങളും, പ്രാർത്ഥനഗാനങ്ങളും കേട്ടുണരുന്ന ഈ ഗ്രാമത്തിലൂടെയുള്ള എന്റെ യാത്ര ഇവിടെ അവസാനിക്കുന്നു.

അഞ്ജിത സി എ


9 A



# Amazing Alphabets

| | |
|---|---|
| B | Bee |
| C | Sea, See |
| T | Tea |
| P | Pea |
| S | Yes |
| Y | Why |
| I | Eye |
| Q | Queue |
| U | You |
| V | We |

Heaven Shijo Scaria
8 B






ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ
എൻ എസ് എസ് എച് എസ് എസ്
ചിങ്ങവനം

# ESPERANZA